# ഫ്രണ്ട്സ് ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & കൺസ്യൂമേഴ്സ് (FEEC) കോഴിക്കോട്

Reg No. KKD/CA/1604/2013

Email: feeckozhikode@gmail.com

ചെയർമാൻ
**അശോകൻ കെ.**
9447768810

കൺവീനർ
**ബോസ് ജേക്കബ്**
8086828255


## 'വൈദ്യുതി നിയമങ്ങളും ഉപഭോക്തൃതാൽപര്യ സംരക്ഷണവും' എന്ന വിഷയത്തിൽ 20.12.2022ന് FEEC നടത്തിയ സെമിനാറിലെ കണ്ടെത്തലുകൾ

ഗുണമേന്മയുള്ള വൈദ്യുതിയും വൈദ്യുതി സേവനങ്ങളും താങ്ങാവുന്ന നിരക്കിൽ ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുവാൻ വൈദ്യുതി വിതരണ ലൈസൻസികൾ പ്രതിജ്ഞാ ബദ്ധരായിരിക്കണം. ഇക്കാര്യങ്ങളിൽ കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും നിലവിലുള്ള നിയമങ്ങളിലും സംവിധാനങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ കണ്ടെത്തുന്നതിനുമായി FEEC അതിന്റെ 10-ാം വാർഷികസമ്മേളനത്തോടനുബന്ധിച്ച്, 'വൈദ്യുതിനിയമങ്ങളും ഉപഭോക്തൃതാൽപര്യ സംരക്ഷണവും' എന്ന വിഷയത്തിൽ 20.12.2022 ന് കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ബഹു.കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ.ബീന ഫിലിപ്പ് സെമിനാർ ഉദ്ഘാടനം ചെയ്തു. FEEC ചെയർമാൻ ശ്രീ.കെ.അശോകൻ മോഡറേറ്ററായിരുന്നു. പ്രയാസ് എനർജി ഗ്രൂപ്പ് പൂനെയുടെ മെമ്പർ ശ്രീ.എൻ ശ്രീകുമാർ വിഷയം അവതരിപ്പിച്ചു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗം ശ്രീ.ബി.പ്രദീപ്, കെ.എസ്.ഇ.ബി.എൽ ചീഫ് എഞ്ചിനീയർ ഡിസ്ട്രിബ്യൂഷൻ (നോർത്ത്) ശ്രീമതി. കെ.എസ്.രെജിനി, കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി പ്രസിഡന്റ് ശ്രീ.റാഫി പി.ദേവസ്സി എന്നിവർ സംസാരിച്ചു. സെമിനാറിനോടനുബന്ധിച്ച് ഉപഭോക്താക്കളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിച്ചിരുന്നു.

### സെമിനാറിലെ കണ്ടെത്തലുകൾ

കേരള സർക്കാരിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും തുടർനടപടികൾ ആവശ്യമായ കണ്ടെത്തലുകൾ താഴെകൊടുക്കുന്നു.

- കേരളത്തിൽ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിൽ വിജയിച്ചുവെങ്കിലും വൈദ്യുതി തടസ്സങ്ങൾ ഇല്ലാതാക്കുക, തടസ്സങ്ങൾ ഉണ്ടായാൽ വേഗത്തിൽ പുനഃസ്ഥാപിക്കുക, വോൾട്ടേജ് കുറവ്, ന്യൂട്രൽ വോൾട്ടേജ്, ഹാർമോണിക്സ് തുടങ്ങി വൈദ്യുതിയുടെ ഗുണമേന്മ പ്രശ്നങ്ങൾ, വൈദ്യുതി സേവനങ്ങളുടെ ഗുണമേന്മ, വൈദ്യുതി അപകടങ്ങൾ തുടങ്ങിയവ വെല്ലുവിളികളായി അവശേഷിക്കുന്നു.
- ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം, ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, റെഗുലേറ്ററി കമ്മീഷൻ

എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകേണ്ടിയിരിക്കുന്നു.

- വിതരണ യൂട്ടിലിറ്റികൾ ഉപഭോക്താക്കളോടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ ഉത്തരവാദിത്വ ബോധമുള്ളവരാകണമെങ്കിൽ ഉപഭോക്താക്കൾക്കു ലഭിക്കുന്ന വിവരങ്ങളിൽ കൂടുതൽ സുതാര്യത വരുത്തുകയും വൈദ്യുതി സേവന വിഷയങ്ങളിൽ പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യണം. 2020-ൽ കൗൺസിൽ ഓൺ എനർജി എൻവിയോൺമെന്റ് ആന്റ് വാട്ടർ (CEEN) നടത്തിയ ഒരു സർവ്വേ പ്രകാരം കേരളത്തിലെ വൈദ്യുതി സേവനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തിയവൻ 56 ശതമാനവും നിഷ്പക്ഷത പാലിച്ചവർ 34 ശതമാനവും അസംതൃപ്തി രേഖപ്പെടുത്തിയവർ 10 ശതമാനവുമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അസംതൃപ്തി രേഖപ്പെടുത്തിയവർ കൂടുതൽ കേരളത്തിലാണ്. എന്നാൽ, വൈദ്യുതി സേവനങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതിന് ഉപഭോക്താക്കൾ വിമുഖതയോ ഭയമോ പുലർത്തുന്നതായും കാണുന്നു. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ എന്താണെന്ന് കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളും നടപടികളും കെ.എസ്.ഇ.ബി തന്നെ ഒരുക്കേണ്ടതിന്റെ പ്രാധാന്യത്തിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങിയ വിവരസാങ്കേതികവിദ്യകൾ ഇതിനായി പ്രയോജനപ്പെടുത്തണം.

- റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതിന് കമ്മീഷന്റെ പക്കലുള്ള വിവരങ്ങളും കൂടുതലായി ശേഖരിക്കേണ്ട വിവരങ്ങളും പൊതുജനങ്ങളിലേയ്ക്കെത്തിക്കുക എന്നത് വളരെ പ്രധാനമാണ്. വിവിധ ഉപഭോക്തൃ വിഭാഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്റ്റേറ്റ് അഡ്വൈസറി കമ്മറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. വൈദ്യുതി നിയമത്തിലെ സെക്ഷൻ 94(3) പ്രകാരം ഉപഭോക്തൃ താൽപര്യങ്ങൾ കമ്മീഷൻ നടപടികൾക്കു മുമ്പാകെ പ്രതിനിധീകരിക്കുന്നതിന് കമ്മീഷനു തന്നെ ആളുകളെ ചുമതലപ്പെടുത്താം എന്നത് പ്രാവർത്തികമാക്കണം.

- ഗതാഗതം, പാചകം, വ്യവസായം തുടങ്ങിയ രംഗങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം വൈദ്യുതിയുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. അതിനനുസരിച്ച് വൈദ്യുതി ശൃഖലയിൽ ശേഷി വർദ്ധനവ് കൊണ്ടുവരേണ്ടതും തടസ്സങ്ങൾ ഇല്ലാതാക്കേണ്ടതും അനിവാര്യമാണ്.

- വൈദ്യുതിയുടെയും വൈദ്യുതി സേവനങ്ങളുടെയും ഗുണനിലവാരം പോലെ തന്നെ പ്രാധാന്യമുള്ളതാണ് താങ്ങാനാവുന്ന വിലയ്ക്ക് വൈദ്യുതി നൽകുക എന്നതും. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതും വൈദ്യുതി വാങ്ങൽ അടക്കമുള്ള ചിലവുകൾ കുറയ്ക്കുന്നതും ഇക്കാര്യത്തിൽ പ്രധാനമാണ്. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വ്യവസായിക്ക് വൈദ്യുതി നിരക്ക് താങ്ങാനാവുമോ എന്നതിനപ്പുറം ഉൽപ്പന്നത്തിന്റെ ദേശീയ-ആഗോള കമ്പോളത്തിലെ മത്സരക്ഷമതയും പ്രധാനമാണ്.

- കേരളത്തിലെ സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോർമൻസ് റെഗുലേഷനുകൾ 2015-ൽ ഇറക്കിയതാണ്. ഇതിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതും പെർഫോർമൻസ് ബെഞ്ച്മാർക്കുകൾ മെച്ചപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. പ്രവർത്തന നിലവാരം ഉപഭോക്താക്കളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കണം. സപ്ലൈകോഡിലും കാലോചിതമായ മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും വരുത്തണം.

- മഹാരാഷ്ട്ര, മധ്യപ്രദേശ് തുടങ്ങിയ ചില സംസ്ഥാനങ്ങൾ 2020-ലെ Right of Consumers Rules ഉപയോഗിച്ച് സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോർമൻസ്, സപ്ലൈകോഡ് തുടങ്ങിയ റെഗുലേഷനുകൾ പരിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലും അതിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരേണ്ടതാണ്.

- കേരളത്തിൽ ലോഡ്ഷെഡിംഗും പവർകട്ടും ഇല്ലാതെ മുന്നോട്ട് പോവാൻ കഴിയുന്നുണ്ടെങ്കിലും വൈദ്യുതിയുടെയും വൈദ്യുതി സേവനങ്ങളുടെയും ഗുണനിലവാരത്തിൽ ലോകനിലവാരം എന്ന ലക്ഷ്യം വളരെ വിദൂരത്താണ്. വൈദ്യുതി തടസ്സങ്ങളുടെ ദൈർഘ്യത്തിൽ ലോകനിലവാരം വർഷത്തിൽ ഒരു ഉപഭോക്താവിന് 52 മിനുട്ടാണ്. ഇന്ത്യയിൽ ഇത് 1697 മിനുട്ടും കേരളത്തിൽ 4686 മിനുട്ടും ആണെന്നതാണ് ലഭ്യമായ ഒരു കണക്ക്. SADI, SAIFI എന്നീഇൻഡക്സുകൾ കൃത്യമായി കണക്കാക്കപ്പെടുന്നില്ല എന്നതും ഒരു വസ്തുതയാണ്. ഇത് കൃത്യമായി കണക്കാക്കുകയും റെഗുലേറ്ററി കമ്മീഷൻ തന്നെ പ്രസിദ്ധീകരിക്കുകയും മെച്ചപ്പെടുത്തേണ്ടത് വിതരണ ലൈസൻസിയുടെ ബാധ്യതയാക്കുകയും വേണം. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ ഔട്ടേജ് ഡേറ്റാ ഉപയോഗിച്ചും ഉപഭോക്താക്കളുടെ മീറ്ററിൽ നിന്നുള്ള വിവരങ്ങൾ ഡൗൺലോഡ് ചെയ്തും SADI, SAIFI എന്നിവ കണക്കാക്കാൻ കഴിയും. റിലയബിലിറ്റി കണക്കുകൂട്ടുന്നതിൽ പ്ലാൻഡ് ഔട്ടേജസ് , uncontrolable events എന്നിവ പ്രത്യേകമായി പരിഗണിക്കണം.

- വൈദ്യുതി ലൈനുകളിലെ തടസ്സങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിന് ഫാൾട്ട് പാസ്സ് ഡിറ്റക്ടറുകളുടെ ഉപയോഗം വ്യാപകമാക്കുക.

- വൈദ്യുതി തടസ്സങ്ങൾ ഉണ്ടായാൽ വേഗത്തിൽ പുനഃസ്ഥാപിക്കുന്നതിന് ജി.പി.എസ് ട്രാക്കിങ്ങ് സംവിധാനത്തോടുകൂടിയ മൊബൈൽ ബ്രേക്ക്ഡൗൺ ടീമുകൾ രൂപീകരിക്കുക.

- 2019-ൽ റെഗുലേറ്ററി കമ്മീഷൻ Draft Power Quality Regulations ഇറക്കുകയും ഇതു സംബന്ധിച്ച് അപ്പോഴത്തെ നിലവാരം വിലയിരുത്തുന്നതിന് ഒരു ഏജൻസിയെ നിയോഗിക്കുകയും ചെയ്തെങ്കിലും പഠനം പൂർത്തീകരിക്കുകയോ റെഗുലേഷൻ അന്തിമമാക്കുകയോ ചെയ്തില്ല. ന്യൂട്രൽ വോൾട്ടേജ്, ഹാർമോണിക്സ് എന്നിവ വലിയ ഗുണനിലവാര പ്രശ്നങ്ങളായി തുടരുന്നു.

- സുരക്ഷ വൈദ്യുതി മേഖലയിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ്. കേരളത്തിൽ പത്തു വർഷത്തെ ശരാശരിയിൽ 270 ജീവനാശം ഉണ്ടായിട്ടുണ്ട്. ഇതിൽ 57 ശതമാനവും ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നാണ്. വികസിത രാജ്യങ്ങളിൽ ജീവനാശം ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് വർഷത്തിൽ ഒന്നിൽ താഴെ എന്നാണ് കണക്കെങ്കിൽ കേരളത്തിൽ ഇത് 7 ആണ്. അപകടങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുകയും അപകടകാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും പഠനവിധേയമാക്കുകയും ചെയ്യണം. വൈദ്യുതി സുരക്ഷ വിതരണ യൂട്ടിലിറ്റിയുടെ പ്രവർത്തന മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തണം.

- പുതിയ കണക്ഷൻ നൽകുന്നതിനെടുക്കുന്ന സമയം, നിലവിലുള്ള കണക്ഷന്റെ സ്വഭാവം മാറ്റുന്നതിനുള്ള വിവിധ സേവനങ്ങളുട വേഗത എന്നിവ വൈദ്യുതി സേവനങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. കൂടുതൽ കണക്ടഡ് ലോഡുള്ള കണക്ഷനുകൾ നൽകുന്നതിന് വലിയ കാലതാമസമുണ്ടാകുന്നു എന്ന പരാതി നിലനിൽക്കുന്നു. വൈദ്യുതി ലഭിക്കാതെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതുകൊണ്ട് കോടികളുടെ മുതൽമുടക്ക് മുടങ്ങിക്കിടക്കുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. സ്ഥാപനങ്ങളുടെ നിർമ്മാണ ദശയിൽ തന്നെ വൈദ്യുതി ലൈനുകൾ എത്തിക്കാൻ കഴിയുകയും ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞാലുടനെ വൈദ്യുതി കണക്ഷൻ നൽകുവാനും സാധിക്കണം. Application for power requirement, Green channel monitoring എന്നിവ നിലനിൽക്കുമ്പോഴും ഇത്തരത്തിലുള്ള കാലതാമസം എന്തുകൊണ്ട് ഉണ്ടാവുന്നു എന്ന് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യണം.

- ബില്ലിംഗ് സംബന്ധിച്ച സേവനങ്ങളിലും പാളിച്ചകൾ ഉള്ളതായി കാണുന്നു. ബിൽ തുക കണക്കാക്കിയതെങ്ങനെയാണെന്ന് ഉപഭോക്താവിന് പരസഹായം ഇല്ലാതെ മനസ്സിലാക്കാൻ കഴിയണം. അതിനുള്ള വിവരങ്ങൾ ബില്ലിൽ ഉണ്ടാവണം. ബില്ലു സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സുതാര്യവും കാര്യക്ഷമവുമായ സംവിധാനങ്ങൾ ഉണ്ടാവണം.

- പുനരുപയോഗ സ്രോതസ്സുകളുടെ അസ്ഥിരത വൈദ്യുതിയുടെ ഗുണമേന്മയെ ബാധിക്കാതിരിക്കുന്നതിന് പ്ലാനിംഗ് പ്രൊസസ്സിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. CEA Resource Adequacy കരട് റെഗുലേഷൻ പുറത്തിറക്കിയിട്ടുണ്ട്. Resource Adequacy ഓരോ വർഷവും വിലയിരുത്തുകയും 10 വർഷം മുന്നിലേയ്ക്ക് കണക്കാക്കി പുറത്തിറക്കുകയും വേണം.

- വൈദ്യുതി നിരക്കിനെ ബാധിക്കുന്ന ഒരു പ്രധാനഘടകം യൂട്ടിലിയുടെ ക്യാപിറ്റൽ വർക്കുകളിലുള്ള നിക്ഷേപമാണ്. നിക്ഷേപത്തിന്റെ ഭാഗമായി ഉപഭോക്താക്കൾക്കു ലഭ്യമാകുന്ന വൈദ്യുതിയുടെ വിശ്വാസ്യതയിലും ഗുണമേന്മയിലും മെച്ചം ഉണ്ടാവുന്നു എന്ന് ഉറപ്പുവരുത്തണം. ഇത് ജനങ്ങളുടെ പരിശോധനയ്ക്കു വിധേയമാക്കുകയും വേണം. ഇതിനുവേണ്ടി ഉപഭോക്താക്കളെ സഹായിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിന് ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമാണ്. ജോലികൾ മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ സർക്കിളുകൾക്ക് വീതിച്ചു നൽകുന്നതിനുപകരം വൈദ്യുതിയുടെ വിശ്വാസ്യതയും ഗുണനിലവാരവും മെച്ചപ്പെടുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും ആവശ്യമായ ജോലികൾ കൃത്യമായ ഫീൽഡ് പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി നടപ്പാക്കണം.

- ഉപഭോക്താക്കളുടെ ആവശ്യങ്ങളും സേവനത്തിലുള്ള സംതൃപ്തിയും മനസ്സിലാക്കുന്നതിന് കാലാകാലങ്ങളിൽ കൃത്യമായി ചിട്ടപ്പെടുത്തിയ ഉപഭോക്തൃ സർവ്വേ നടത്തണം.

- വിവിധ ഓഫീസുകളിലെ നടപടിക്രമത്തിൽ ഏകീകരണമുണ്ടാവണമെന്നത് ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുന്നതിനാവശ്യമായ കാര്യമാണ്.

- വൈദ്യുതി നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യം കസ്റ്റമർ അഡ്വോക്കസി ആണ്. ഉപഭോക്താവിനു വേണ്ടി വാദിക്കുന്നതിനാവശ്യമായ ആളുകളും സംവിധാനങ്ങളും ഉണ്ടാവുക എന്നതാണ് ഇക്കാര്യത്തിൽ പ്രധാനം.

- ഉപഭോക്താക്കൾക്കു ലഭിക്കുന്ന വൈദ്യുതിയുടെയും വൈദ്യുതി സേവനങ്ങളുടെയും ഗുണനിലവാരം, താങ്ങാനാവുന്ന നിരക്ക് തുടങ്ങിയ കാര്യങ്ങളിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നതാണ് 2022 ഓഗസ്റ്റിൽ പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി നിയമഭേദഗതി. ഉപഭോക്താവിന് ചോയ്സ് നൽകാനെന്ന പേരിൽ, വിതരണ മേഖലയുടെ പരിപാലനത്തെയും വികസനത്തെയും ദോഷകരമായി ബാധിക്കുകയും സാധാരണ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ ഗണ്യമായി വർദ്ധിക്കാനിടവരുത്തുകയും ചെയ്യുന്ന വൈദ്യുതി നിയമഭേദഗതി പിൻവലിക്കുകയും നിലവിലുള്ള നിയമത്തിനുള്ളിൽ നിന്നു കൊണ്ടുതന്നെ ഉപഭോക്തൃ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുകയും വേണം.

**ഉപഭോക്താക്കളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**

1. വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ, പ്രത്യേക പ്രാധാന്യം നൽകണം. കാരണം മിനുട്ടുകളുടെ വൈദ്യുതി തടസ്സം കാരണം ആയിരങ്ങളുടെ നഷ്ടമായിരിക്കും ഉണ്ടാവുക. ഇതിനായി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റുകളിലും പ്രധാന വ്യവസായ സ്ഥാപനങ്ങളിലും അതാതു സ്ഥാപനങ്ങൾ ഒരു വൈദ്യുതി ഇന്ററപ്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയും കെ.എസ്.ഇ.ബി.യുടെ ഒരു സ്പെഷ്യൽ സ്ക്വാഡ് രണ്ടുമാസത്തിലൊരിക്കൽ ഇത് പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുക. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെയും മറ്റു പ്രധാന LT വ്യവസായിക ഉപഭോക്താക്കളുടെയും ട്രാൻസ്ഫോർമറുകളും അനുബന്ധ ഉപകരണങ്ങളും സമയാസമയങ്ങളിൽ പരിശോധിച്ച് പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുക.

2. തടസ്സ രഹിതമായ വൈദ്യുതിയുടെ കാര്യത്തിലും മെച്ചപ്പെട്ട വൈദ്യുതി സേവനങ്ങളുടെ കാര്യത്തിലും വികസിത രാജ്യങ്ങളെ മാതൃകയാക്കുകയും കേരളത്തിലെ വൈദ്യുതി സേവനങ്ങൾ ആഗോളനിലവാരത്തിലേക്കെത്തിക്കുകയും ചെയ്യുക.

3. വൈദ്യുതി ലൈനുകളിലെ ഓവർഹെഡ് കമ്പികൾ മൂലം വൈദ്യുതി അപകടങ്ങളും വൈദ്യുതി തടസ്സങ്ങളും വർദ്ധിക്കുന്നു. ഹൈടെൻഷൻ ലൈനുകൾ ഭൂഗർഭ കേബിളുകളാക്കുകയോ ഇൻസുലേറ്റഡ് ഓവർഹെഡ് ലൈനുകളാക്കുകയോ ചെയ്യുക. ലോടെൻഷൻ ലൈനുകൾ ഇൻസുലേറ്റഡ് ഓവർഹെഡ് ലൈനുകളാക്കുക. വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ വിദേശരാജ്യങ്ങളിലേതുപോലെ ആധുനികവത്കരിക്കുക.

4. ലൈൻ വലിക്കേണ്ടതില്ലാത്ത വൈദ്യുതി കണക്ഷനുകൾക്ക് അപേക്ഷിക്കുന്നവർക്ക് അന്നു തന്നെ കണക്ഷൻ നൽകുക.

5. വ്യവസായങ്ങൾക്കും, വാണിജ്യ സമുച്ഛയങ്ങൾക്കും ഫ്ളാറ്റുകൾക്കുമൊക്കെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലും ആവശ്യമായ രേഖകളിലുമൊക്കെ വ്യക്തതയില്ലാത്തതുകാരണം പല ഓഫീസുകളിലും പല വിധത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തി നടപടിക്രമങ്ങളും ആവശ്യമായ രേഖകളുടെ ലിസ്റ്റും ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുകയും ജീവനക്കാരെ പഠിപ്പിക്കുകയും ചെയ്യുക.

6. വ്യവസായങ്ങൾക്കും വാണിജ്യ സമുച്ഛയങ്ങൾക്കും ഫ്ളാറ്റുകൾക്കുമൊക്കെയായി വൈദ്യുതി കണക്ഷനുവേണ്ടി സമീപിക്കുന്നവർക്ക് അതിനുവേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കാനും യാതൊരു തടസ്സവും കൂടാതെ ചുവപ്പുനാടയിൽ നിന്നും രക്ഷപെടുത്തി വേഗത്തിൽ കണക്ഷൻ കിട്ടുവാനും ഉള്ള സൗകര്യം ചെയ്തു കൊടുക്കുന്ന ഒരു പ്രത്യേക സെൽ ഡിവിഷൻ തലത്തിൽ കൊണ്ടുവരിക.

7. ഭൂരിപക്ഷം ജീവനക്കാരും ഉപഭോക്തൃ സൗഹൃദമായി പെരുമാറുന്നുണ്ട്. ഇതിന് അപവാദമായിട്ടുള്ളവരെ കണ്ടെത്തുകയും ബോധവൽക്കരിക്കുകയും ചെയ്യുക.

8. കോഴിക്കോട് നഗരത്തിൽ കേബിൾ ശൃംഖലയിൽ നിന്നും കണക്ട് ചെയ്തിട്ടുള്ള ഓവർഹെഡ് HT ലൈനുകളുണ്ട്. കെ.എസ്.ഇ.ബിയുടെ ട്രാൻസ്ഫോർമറുകൾ ഈ ലൈനുകളിൽ നിന്നും ടാപ്പു ചെയ്ത് സ്ഥാപിക്കുന്നു. എന്നാൽ ഒരു ഉപഭോക്താവ് വലിയ കണക്ഷനുവേണ്ടി സമീപിക്കുമ്പോൾ RMU, കേബിൾ ഇവ സ്ഥാപിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിനു രൂപ ഈടാക്കുന്നു. ഓവർഹെഡ് ലൈനിൽ നിന്നും നേരിട്ട് കേബിൾ വഴി കണക്ഷൻ നൽകുകയാണെങ്കിൽ വലിയ സാമ്പത്തിക ബാധ്യത വരാതെ കണക്ഷൻ ലഭിക്കുന്നതാണ്. ഇതിനുവേണ്ട നടപടിയുണ്ടാവണം.

9. വ്യാവസായിക വിഭാഗത്തിനും മറ്റും HT താരിഫ് LT താരിഫിനേക്കാൾ കൂടുതലാണ്. ഇക്കാരണത്താൽ 100 KVA-ൽ കൂടുതൽ ലോഡ് ഉള്ളവർ തന്നെ ഒന്നിലധികം LT കണക്ഷനുകൾ എടുക്കുവാനുള്ള ശ്രമം നടത്തുന്നു. ഇത് സാങ്കേതികമായി ഗുണകരമല്ല. താരിഫിലെ അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടണം.

10. 100KVA ൽ കുറവുള്ളവർക്കും HT കണക്ഷൻ എടുക്കുന്നതിന് പ്രോത്സാഹനം നൽകുന്ന വിധത്തിൽ സപ്ലൈകോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഹൈ വോൾട്ടേജ് റിബേറ്റ് നടപ്പിൽ വരുത്തണം.

11. താരിഫ് വളരെ സങ്കീർണ്ണമാണ്. പുതിയ വിഭാഗങ്ങൾ കൂട്ടിച്ചേർക്കുന്നതുവഴി ഓരോ വർഷവും ഈ സങ്കീർണ്ണത വർദ്ധിച്ചു വരുന്നു. ഉദാഹരണത്തിന് 2019-ലെ താരിഫ് പരിഷ്കരണത്തിൽ HT കൊമേർഷ്യൽ വിഭാഗത്തിൽ ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ഷോപ്പിംഗ് മാളുകൾ, മൾട്ടിപ്ലക്സുകൾ എന്നിവയ്ക്കായി HT IV(B) എന്ന പുതിയ താരിഫ് കൊണ്ടുവന്നു. APTS വിഭാഗം ഇതുപയോഗിച്ച് പല ബിസിനസ്സ് സ്ഥാപനങ്ങൾക്കും പിഴചുമത്തിക്കൊണ്ടിരിക്കുന്നു. ഒരു തുണിക്കടയ്ക്കുള്ളിൽ കസ്റ്റമേഴ്സിനായി ടീ ഷോപ്പോ ചെരിപ്പുകടയോ പ്രത്യേകമായി ഏർപ്പെടുത്തിയാൽ അതിനെ മാൾ ആയി ചിത്രീകരിച്ച് പിഴച്ചുമത്തുന്നു. ഹോസ്പിറ്റലിനുള്ളിൽ കണ്ണട വിൽപനയോ കാന്റീനോ ഉണ്ടെങ്കിൽ അതിനെ ഹോസ്പിറ്റൽ താരിഫിൽ നിന്നുമാറ്റി കൊമേർഷ്യൽ താരിഫിൽ ആക്കണമെന്നു പറയുന്നു. എയ്ഡഡ് കോളേജിൽ ഒരു Self Financing Course തുടങ്ങിയാൽ താരിഫ് മാറ്റേണ്ടിവരുന്നു. LT കണക്ഷനാണെങ്കിൽ ഇത്തരത്തിലുള്ള സ്ഥാപനത്തിലെ ചെറിയ കണക്ടഡ് ലോഡുള്ള വലിയ താരിഫ് വിഭാഗത്തിന് പ്രത്യേക കണക്ഷൻ വേണമെങ്കിൽ എടുത്ത് പ്രശ്നം പരിഹരിക്കാം. HT കണക്ഷനുകളിൽ പ്രധാന താരിഫ് തന്നെ മാറ്റേണ്ടി വരുന്നു. കാലത്തിനനുസരിച്ച് ബിസിനസ്സ് സംരംഭങ്ങൾ നൂതന മാർഗ്ഗങ്ങൾ തേടുമ്പോൾ വൈദ്യുതി താരിഫ് ഒരു വിലങ്ങുതടിയായി നിൽക്കുന്നത് അനഭിലഷണീയമാണ്. താരിഫുകൾ ലളിതവൽക്കരിക്കുകയും കൂടുതൽ സ്പഷ്ടത വരുത്തുകയും ചെയ്യുക.

12. സപ്ലൈകോഡുപോലെ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം പ്രധാന്യമുള്ള റെഗുലേഷനുകളും മറ്റ് ഉത്തരവുകളും ഇംഗ്ലീഷിൽ മാത്രമാണ് ലഭ്യമാകുന്നത്. ഇവയ്ക്കു ഇപ്പോൾ ലഭ്യമാകുന്ന പരിഭാഷകൾ ആധികാരികമല്ല. ഉത്തരവിറക്കുന്ന അതോറിറ്റി തന്നെ ഇത് മലയാളത്തിലും കൂടി പ്രസിദ്ധീകരിക്കുവാനും ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുമുള്ള നടപടി കൈക്കൊള്ളണം.

13. ജീവനക്കാർക്ക് സാങ്കേതിക കാര്യങ്ങളിലും, നിയമങ്ങളിലും, നടപടിക്രമങ്ങളിലും, ഉപഭോക്താക്കളുമായി ഇടപെടുന്ന കാര്യങ്ങളിലും ആവശ്യമായ പരിശീലനം നൽകുക.

14. പുതിയ കണക്ഷനുകൾക്ക് കാലതാമസം ഒഴിവാക്കുന്നതിനും കണക്ഷനുവേണ്ടി ഉപഭോക്താക്കൾ മുടക്കേണ്ടി വരുന്ന തുകയുടെ കാര്യത്തിൽ കൂടുതൽ സുതാര്യത വരുത്തുന്നതിനുമായി കണക്ടഡ്ലോഡ്/കോൺട്രാക്ട് ഡിമാന്റ് അടിസ്ഥാനപ്പെടുത്തിയുള്ള നിരക്കുകൾ നടപ്പിലാക്കുക.

15. വൈദ്യുതി സംബന്ധമായ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കുക.

16. സോളാർ സ്കീമുകൾക്ക് കണക്ഷൻ ലഭിക്കുവാൻ ഇപ്പോൾ വലിയ കാലതാമസം ഉണ്ടാവുന്നുണ്ട്. മാത്രമല്ല അപേക്ഷയുടെ സ്ഥിതി സംബന്ധിച്ച് അപേക്ഷകന് യാതൊരു വിവരങ്ങളും ലഭ്യമാകുന്നില്ല. അപേക്ഷയുടെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യുവാൻ അപേക്ഷകന് സാധിക്കുന്ന വിധത്തിലും നടപടികൾ വേഗത്തിലാക്കുന്ന വിധത്തിലും ഫീസിബിലിറ്റി, ഇൻസ്പെക്ടറേറ്റ് അനുമതി, പ്രീകമ്മീഷണനിംഗ് ടെസ്റ്റുകൾ, എനർജൈസേഷൻ എന്നിവ ഉൾപ്പെടുത്തി ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തുക.

17. വിതരണ ട്രാൻസ്ഫോർമറുകളുടെ അറ്റത്തുള്ള ഉപഭോക്താക്കളുടെ മീറ്ററിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ട് റിലയബിലിറ്റി ഇൻഡക്സുകൾ കണക്കാക്കുകയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്യുക.

കൺവീനർ